D2-354/2023/DJT-324 തീയതി : 23-09-2023

# ലേല പരസ്യം

## തിരുവനന്തപുരം ജില്ലാ ജയിൽ സൂപ്രണ്ട് ഓഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നത്

തിരുവനന്തപുരം ജില്ലാ ജയിലിൽ സൂക്ഷിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന ഉപയോഗശൂന്യമായ സാധനങ്ങൾ പരസ്യ ലേലത്തിലൂടെ വിൽക്കാൻ തീരുമാനിച്ചിരിക്കുന്നു.

1. തകര
2. ഇരുമ്പ്
3. സ്റ്റീൽ
4. അലൂമിനിയം
5. ചെമ്പ് പൂട്ട്
6. പി.വി.സി
7. ചണ ചാക്ക്
8. പ്ലാസ്റ്റിക് ചാക്ക്
9. പ്ലാസ്റ്റിക്
10. ചിരട്ട

**ലേല തീയതി** : 11/10/2023
**ലേല സമയം** : 03.30 PM
**ലേലസ്ഥലം** : **ജില്ലാ ജയിൽ, തിരുവനന്തപുരം.**

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം തുടങ്ങുന്നതിന് മുൻപ് 200/- (ഇരുന്നൂറ് രൂപ മാത്രം) നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ഏറ്റവും കൂടുതൽ രൂപയ്ക്ക് ലേലം വിളിക്കുന്ന ആളുടെ പേരിൽ ജയിൽ സൂപ്രണ്ടിന്റെ തീരുമാനത്തിന് വിധേയമായി ലേലം ഉറപ്പിക്കുന്നതായിരിക്കും. സർക്കാരിന്റെ താൽപര്യം പരിഗണിച്ച് ലേല നടപടികൾ നിർത്തിവയ്ക്കുന്നതിനോ, നിരസിക്കുന്നതിനോ, മാറ്റിവയ്ക്കുന്നതിനോ ഉള്ള അധികാരം ജയിൽ സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയങ്ങളിൽ അന്വേഷിക്കാവുന്നതാണ്.

### ലേല വ്യവസ്ഥകൾ

1. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യമായി 200/- (ഇരുന്നൂറ് രൂപ മാത്രം) കെട്ടിവയ്ക്കേണ്ടതാണ്.
2. ലേലത്തിൽ വിജയിക്കുന്ന ആൾ ഒഴികെ മറ്റുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാൽ ഉടൻ തിരികെ നൽകുന്നതായിരിക്കും.
3. ലേലത്തിൽ പങ്കുകൊള്ളുവാൻ ഉദ്ദേശിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസം തെളിയിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഇലക്ഷൻ കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡ്/ ഡ്രൈവിംഗ് ലൈസൻസ്/ പാസ്പോർട്ട്/ ആധാർ ഇവയിൽ ഏതെങ്കിലും ഒന്നിൽ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് നിരതദ്രവ്യത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.

4. ഏറ്റവും ഉയർന്ന തുക ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം ഉറപ്പിക്കുന്നതായിരിക്കും. ലേല വ്യവസ്ഥകൾ, വിളിച്ച് എടുക്കുന്ന തുക, മുതലായ സംഗതികൾ അംഗീകരിച്ച് ടിയാൻ ലേല രജിസ്റ്ററിൽ ഒപ്പ് വയ്ക്കേണ്ടതാണ്.
5. ലേലം ചെയ്യുന്ന സാധനങ്ങളുടെ പരിശോധനയ്ക്കായി 28/09/2023 മുതൽ 11/10/2023 വരെ പ്രവർത്തി ദിനങ്ങളിൽ രാവിലെ 11 മണി മുതൽ 2 മണി വരെ അവസരം നൽകുന്നതാണ്.

**<u>ലേലം സ്ഥിരപ്പെടുത്തൽ</u>**

ലേലം കൊണ്ടയാൾ ലേല തുകയുടെ പകുതി അപ്പോൾ തന്നെ കെട്ടിവയ്ക്കേണ്ടതും ബാക്കി തുക (ലേലം വിളിച്ച് എടുക്കുന്ന തുകയിൽ മേൽ ബാധകമായ എല്ലാ നികുതിയും അടച്ച് രസീത് ഉൾപ്പെടെ) മൂന്ന് ദിവസത്തിനകം ഓഫീസിൽ അടച്ച്, ലേല വസ്തുക്കൾ മാറ്റി തരേണ്ടതുമാണ്. ലേലം പിടിച്ചയാൾ എന്തെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം സർക്കാരിൽ ഉണ്ടാകുന്ന നഷ്ടങ്ങൾക്കും ടിയാൻ ഉത്തരവാദിയായിരിക്കുന്നതും ആയത് ടിയാനിൽ നിന്ന് ഈടാക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവർത്തി സമയങ്ങളിൽ തിരുവനന്തപുരം ജില്ലാ ജയിൽ സൂപ്രണ്ട് ഓഫീസിൽ നിന്നും നേരിട്ട് ലഭിക്കുന്നതാണ്.

**<u>നോട്ടീസ് പരസ്യപ്പെടുത്തുന്നത്</u>**

1. കേരള പ്രിസൺ വെബ്സൈറ്റ്.
2. സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം.
3. നഗരസഭ കാര്യാലയം, തിരുവനന്തപുരം.
4. താലൂക്ക് ഓഫീസ്, തിരുവനന്തപുരം.
5. വില്ലേജ് ഓഫീസ് തൈക്കാട്, തിരുവനന്തപുരം.
6. ജയിൽ നോട്ടീസ് ബോർഡ്.

ബിനോദ് ജോർജ്ജ്
സൂപ്രണ്ട്